നം. എ-4235/17

ജില്ലാ സാമൂഹ്യനീതി ഓഫീസ്,
സിവിൽ സ്റ്റേഷൻ, പാലക്കാട്,
തീയതി :17.11.2017
ഇ-മെയിൽ - dswopkdswd@gmail.com
ഫോൺ:- 0491-2505791

ഒന്നാം അപ്പീൽ അധികാരി
ജില്ലാ സാമൂഹ്യനീതി ഓഫീസ്,
പാലക്കാട്.

ശ്രീ.എം.കെ.ഗിരീഷ്കുമാർ,
മാട്ടുപ്പാറ ഹൗസ്
നെന്മാറ പി.ഒ
പാലക്കാട്.

സർ,

വിഷയം - ജില്ലാ സാമൂഹ്യനീതി ഓഫീസ്,പാലക്കാട് - വിവരാവകാശ നിയമം 2005 - ഒന്നാം അപ്പീൽ തീരുമാനം - സംബന്ധിച്ച്.

സൂചന - 1. താങ്കളുടെ 05/10/2017 തീയതിയിലെ അപ്പീൽ.
2. ഒന്നാം അപ്പിൽ അധികാരിയുടെ 06/11/2017 തീയതിയിലെ എ-4235/17 നമ്പർ ഉത്തരവ്.

-------------

വിവരാവകാശ നിയമപ്രകാരം താങ്കൾ സമർപ്പിച്ച അപ്പീലിൻ മേൽ ഒന്നാം അപ്പീൽ അധികാരിയുടെ സൂചന 2 ഉത്തരവ് ഇതൊന്നിച്ച് അയക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
പാലക്കാട്

നം. എ-4235/17

ജില്ലാ സാമൂഹ്യനീതി ഓഫീസ്,
സിവിൽ സ്റ്റേഷൻ, പാലക്കാട്,
തീയതി :17.11.2017
ഇ-മെയിൽ - dswopkdswd@gmail.com
ഫോൺ:- 0491-2505791

ഒന്നാം അപ്പീൽ അധികാരി
ജില്ലാ സാമൂഹ്യനീതി ഓഫീസ്,
പാലക്കാട്.

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നെന്മാറ ഐ.സി.ഡി.എസ് പ്രൊജക്ട്

സർ,

വിഷയം - ജില്ലാ സാമൂഹ്യനീതി ഓഫീസ്,പാലക്കാട് - വിവരാവകാശ നിയമം 2005 - ഒന്നാം അപ്പീൽ തീരുമാനം - സംബന്ധിച്ച്.

സൂചന - 1. ശ്രീ.എം.കെ.ഗിരീഷ്കുമാർ, മാട്ടുപ്പാറ ഹൗസ്, നെന്മാറ പി.ഒ യുടെ 05/10/17 ലെ ഒന്നാം അപ്പീൽ.
2. ഒന്നാം അപ്പീൽ അധികാരിയുടെ 06/11/2017 തീയതിയിലെ എ-4235/17 നമ്പർ ഉത്തരവ്.

-----------

മേൽ സൂചന 1 പ്രകാരം ശ്രീ.എം.കെ.ഗിരീഷ്കുമാർ സമർപ്പിച്ച ഒന്നാം അപ്പീലിൻ മേൽ ഉണ്ടായിട്ടുള്ള സൂചന 2 ഉത്തരവ് ഇതൊന്നിച്ച് അയക്കുന്നു. മേൽ ഉത്തരവിൽ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
പാലക്കാട്

2

## ഒന്നാം അപ്പീൽ അധികാരിയുടെ നടപടിക്രമങ്ങൾ

## (ഹാജർ പി.മീര, ജില്ലാ സാമൂഹ്യനീതി ഓഫീസർ, പാലക്കാട്)

വിഷയം:- ജില്ലാ സാമൂഹ്യനീതി ഓഫീസ്, പാലക്കാട് - വിവരാവകാശനിയമം 2005 ഒന്നാം അപ്പീൽ തീർപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. ശ്രീ.എം.കെ.ഗിരീഷ്കുമാർ, മാട്ടുപ്പാറ ഹൗസ്, നെന്മാറ (പി.ഒ) നെന്മാറ ഐ.സി.ഡി.എസ് ഓഫീസിൽ സമർപ്പിച്ച 21/08/2017 തീയതിയിലെ വിവരാവകാശനിയമം പ്രകാരമുള്ള അപേക്ഷ.

2. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, നെന്മാറ ഐ.സി.ഡി.എസ് ന്റെ 18/09/2017 തീയതിയിലെ 382/17 നമ്പർ കത്ത്.

3. ശ്രീ.എം.കെ.ഗിരീഷ്കുമാർ, മാട്ടുപ്പാറ ഹൗസ്, നെന്മാറ പി.ഒ യുടെ 05/10/17 ലെ ഒന്നാം അപ്പീൽ.

**ഉത്തരവ് നമ്പർ:- എ-4235/17** **തീയതി:-06/11/2017**

ശ്രീ.എം.കെ.ഗിരീഷ്കുമാർ, മാട്ടുപ്പാറ ഹൗസ്, നെന്മാറ (പി.ഒ) എന്നയാൾ മേൽ സൂചന 1 പ്രകാരം നെന്മാറ ഐ.സി.ഡി.എസ് ലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ വിവരാവകാശ നിയമം പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിന് സൂചന 2 പ്രകാരം മറുപടി നൽകിയിട്ടുള്ളതുമാണ്. ഈ മറുപടിയിൽ തൃപ്തനാകാതെ ശ്രീ.എം.കെ. ഗിരീഷ്കുമാർ സൂചന 3 പ്രകാരം ഈ ഓഫീസിൽ ഒന്നാം അപ്പീൽ സമർപ്പിച്ചു. അപേക്ഷകനും പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും നേരിൽ കാര്യങ്ങൾ ബോധിപ്പിക്കുന്നതിനായി 06/11/2017 ഹിയറിംഗ് നടത്തി. അപ്പീലും പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടിയും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ അധികാരി താഴെ പറയുന്ന തീരുമാനത്തിൽ എത്തിയിരിക്കുന്നു.

സൂചന 1 വിവരാവകാശ അപേക്ഷയിൽ ചോദ്യം 1 മുതൽ 17 വരെ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ വിവിധ കാലയളവിൽ ഉള്ളതും വിവിധ ഫയലുകളിലും രജിസ്റ്ററുകളിലും ഉള്ളതാണ്. ഇത്തരം ഫയലുകളും രജിസ്റ്ററുകളും ക്രോഡീകരിച്ച് അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകുന്നതിന് കുറെയേറെ സമയവും ജീവനക്കാരുടെ ജോലിയും വിനിയോഗിക്കേണ്ടിവരും ആയതിനാൽ നെന്മാറ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയിട്ടുള്ള സൂചന 2 മറുപടി ന്യായീകരിക്കത്തക്കതാണെന്നും വിവരാവകാശ നിയമത്തിലെ വകുപ്പ് 7(9) പ്രകാരം അപേക്ഷകന് ആവശ്യമുള്ള വിവരങ്ങൾ

ജില്ലാ സാമൂഹ്യ നീതി ഓഫീസർ
പാലക്കാട്

ലഭിക്കുന്നതിന് ഓഫീസ് രേഖകൾ ഓഫീസ് സമയങ്ങളിൽ പരിശോധിക്കാവു ന്നതാണെന്നും അറിയിക്കുന്നു. സൂചന 1 അപേക്ഷയിലെ 1-ാം ചോദ്യത്തിലെ അങ്കണവാടികളുടെ എണ്ണം, അവ എവിടെയോക്കെയാണ് പ്രവർത്തിക്കുന്നത്. അങ്കണവാടികളിലെ ജീവനക്കാരുടെ പേരും തസ്തികകളും അങ്കണവാടിക ളുടെ നമ്പറും വിലാസങ്ങളും എന്നിവ നേരിട്ട് ലഭ്യമായതിനാൽ അവ പബ്ലിക ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് നൽകേണ്ടതാണ് എന്ന് നിർദ്ദേശിച്ചു കൊണ്ട് അപ്പീൽ തീർപ്പാക്കുന്നു.

ഒന്നാം അപ്പീൽ തീരുമാനത്തിൽ അതൃപ്തിയുള്ള പക്ഷം 90 ദിവസത്തി നകം അപേക്ഷകന് രണ്ടാം അപ്പീൽ അധികാരിയായ കേരള സ്റ്റേറ്റ് വിവരാവ കാശ കമ്മീഷണ് മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

Sd/-

ഒന്നാം അപ്പീൽ അധികാരി
ജില്ലാ സാമൂഹ്യനീതി ഓഫീസ്,
പാലക്കാട്

പകർപ്പ്:- 1. ശ്രീ.എം.കെ.ഗിരീഷ്കുമാർ,
മാട്ടുപ്പാറ ഹൗസ്,
നെന്മാറ (പി.ഒ).
2. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നെന്മാറ ഐ.സി.ഡി.എസ്. പ്രോജക്ട്.

2.